LIBRARY ARCHIVES Kerala Legislative Assembly.

ഡിസ്റ്റിലറികളുടേയും ബ്ളെന്റിങ്ങ് ആന്റ് ബോട്ടിലിങ്ങ് യൂണിറ്റുകളുടേയും ഉൽപ്പാദനത്തിനുള്ള കപ്പാസിറ്റി

30 [3316] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
„ എ. സുജനപാൽ:
„ തമ്പാനൂർ രവി:
പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ഡിസ്റ്റിലറിയുടേയും ബ്ളെന്റിങ്ങ് ആന്റ് ബോട്ടിലിങ്ങ് യൂണിറ്റുകളുടേയും ഉൽപ്പാദനത്തിനുള്ള കപ്പാസിറ്റി എത്ര വീതമാണ്;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ അവയുടെ കപ്പാസിറ്റി മുഴുവൻ ഉപയോഗിക്കുന്നുണ്ടോ;

(സി) കപ്പാസിറ്റിയിൽ കൂടുതൽ ഉൽപ്പാദനം നടത്തുന്ന യൂണിറ്റുകളുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം;

(ഇ) ഈ സ്ഥാപനങ്ങളുടെ ഉടമകൾ ആരെല്ലാമാണ്;

(എഫ്) ഒരേ ഗ്രൂപ്പിനു തന്നെ ഇത്തരം എത്ര യൂണിറ്റുകൾ സംസ്ഥാനത്തുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്തെ ഡിസ്റ്റിലറികളുടേയും ബ്ളെന്റിങ്ങ് ആന്റ് ബോട്ടിലിങ്ങ് യൂണിറ്റുകളുടേയും പേരും ഉൽപ്പാദനത്തിനുള്ള കപ്പാസിറ്റിയും അനുബന്ധമായി ചേർക്കുന്നു. †

(ബി) ഇല്ല.

(സി) ഇല്ല.

(ഡി, ഇ) ഉത്തരം സി-യുടെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(എഫ്) സംസ്ഥാനത്ത് ഒരേ ഗ്രൂപ്പിനു തന്നെ ഒന്നിലധികം യൂണിറ്റുകളില്ല.

ബ്ളെന്റിങ്ങ് ആന്റ് ബോട്ടിലിങ്ങ് യൂണിറ്റുകൾ അടയ്ക്കേണ്ട നികുതി

31 [3317] ശ്രീ. എ. സുജനപാൽ:
„ വി. ഡി. സതീശൻ:
„ പി. ടി. തോമസ്:
„ കെ. അച്ചുതൻ:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിസ്റ്റിലറികളും ബ്ളെന്റിങ്ങ് ആന്റ് ബോട്ടിലിങ്ങ് യൂണിറ്റുകളും അടയ്ക്കേണ്ട വിറ്റുവരവ് നികുതി എത്ര വീതമാണ്;

(ബി) ഈയാണ്ടിൽ ഇതുവരെ ഇത്തരം സ്ഥാപനങ്ങളിൽനിന്നും എന്തുതുക വിറ്റുവരവ് ഇനത്തിൽ പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

† അനുബന്ധം II

ഉത്തരം

(എ) സംസ്ഥാനത്ത് ഡിസ്റ്റിലറികളും ബ്ളെന്റിങ്ങ് ആന്റ് ബോട്ടിലിങ്ങ് യൂണിറ്റുകളും അടയ്ക്കേണ്ട വിറ്റുവരവ് നികുതി നിലവിലുള്ള നിയമപ്രകാരം മൊത്തം വിറ്റുവരവിന്റെ 5% (അഞ്ചു ശതമാനം) ആണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്ത് മദ്യ വിൽപ്പനയിലൂടെ പിരിഞ്ഞു കിട്ടിയ തുക

32 [3318] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002, 2002-2003 വർഷങ്ങളിൽ വിൽപ്പന നികുതി, കാർഷികാദായനികുതി എക്സൈസ് തീരുവ വഴി എത്ര കോടി രൂപ പിരിഞ്ഞു കിട്ടി;

(ബി) ഇവയിൽ ഐ.എം.എഫ്.എൽ. വിൽപ്പന വഴി ഈ വർഷത്തിൽ എത്ര തുക പിരിഞ്ഞു കിട്ടി, ബിവറേജസ് കോർപ്പറേഷൻ വിൽപ്പന വഴി എത്ര തുക പിരിഞ്ഞു കിട്ടി, ബാറുകളിലെ വിൽപ്പന വഴി എത്ര തുക പിരിഞ്ഞു കിട്ടി, കള്ളുഷാപ്പുകളിലെ വിൽപ്പന വഴി എത്ര തുക പിരിഞ്ഞു കിട്ടി എന്ന് വ്യക്തമാക്കുമോ; സംസ്ഥാന മദ്യ വിൽപ്പന എത്ര എന്ന വിശദമായ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) 2001-2002-നെ അപേക്ഷിച്ച് 2002-2003-ൽ എത്ര രൂപയുടെ വിൽപ്പന നികുതി വർദ്ധനവുണ്ടായി എന്നും ഇവ ഓരോ വിഭാഗത്തിലും എത്ര എന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ ഗവൺമെന്റ് സ്വകാര്യ മദ്യവിൽപ്പന നിരോധിച്ച് ബിവറേജസ് കോർപ്പറേഷൻ വഴി മദ്യ വിൽപ്പന ഏർപ്പെടുത്തിയതിന്റെ ഫലമായി എത്ര കോടി രൂപയുടെ വിൽപ്പന നികുതി വർദ്ധനവ് ഈ മേഖലകളിലുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-2002-ൽ വിൽപ്പന നികുതി ഇനത്തിൽ 4440.85 കോടി രൂപയും, കാർഷികാദായ നികുതി ഇനത്തിൽ 1.87 കോടി രൂപയും എക്സൈസ് ഡ്യൂട്ടി ഇനത്തിൽ 287.01 കോടി രൂപയും പിരിഞ്ഞു കിട്ടി. 2002-2003 വർഷത്തിൽ വിൽപ്പന നികുതി ഇനത്തിൽ 5380.63 കോടി രൂപയും, കാർഷികാദായ നികുതി ഇനത്തിൽ 6.76 കോടി രൂപയും എക്സൈസ് ഡ്യൂട്ടി ഇനത്തിൽ 308.55 കോടി രൂപയും പിരിഞ്ഞു കിട്ടി.

(ബി) ഐ.എം.എഫ്.എൽ. വിൽപ്പന വഴി 2001-2002 വർഷത്തിൽ മൊത്തം 285.01 കോടി രൂപയും, 2002-03 വർഷത്തിൽ മൊത്തം 305.85 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. മുഴുവൻ വിദേശമദ്യവും ബിവറേജസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിനാൽ ടി തുക പ്രസ്തുത കോർപ്പറേഷൻ വഴി ആണ് പിരിഞ്ഞു കിട്ടിയിട്ടുള്ളത്. ബാറുകളിലെയും, കള്ളുഷാപ്പുകളിലെയും വിൽപ്പനയ്ക്ക് എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടില്ല. മദ്യ വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിന്റെ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly